(ബി) ഓരോ സ്ഥാപനത്തിന്റെയും വായ്പാ കുടിശ്ശികയുടെ വ്യക്തമായ കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ 4 കൊല്ലത്തിനുള്ളിൽ ഈ വകയിൽ എത്ര സംഖ്യ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഭവന നിർമ്മാണ വായ്പയ്ക്കുള്ള സീനിയോറിട്ടി നിശ്ചയിക്കുന്ന മാനദണ്ഡം

14 (1837) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പയ്ക്കുള്ള അപേക്ഷയുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) അപേക്ഷ ഹെഡ്ഓഫീസിൽ ലഭിക്കുന്ന തീയതി മുതൽ സീനിയോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ നിർദ്ദേശം നൽകിയതിന്റെ കാരണം എന്ത്;

(ഡി) അത് ഓഫീസുകളിൽ അപേക്ഷ നേരത്തെ നൽകുകയും ഹെഡ്ഓഫീസുകളിലേക്ക് ബന്ധപ്പെട്ടവർ പ്രസ്തുത അപേക്ഷകൾ അയയ്ക്കുവാൻ താമസിക്കുകയും ചെയ്താൽ അപേക്ഷകൻ പിൻതള്ളപ്പെട്ടുപോകും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തിരുവനന്തപുരവുമായി അടുത്തു കിടക്കുന്ന ജില്ലകളിൽനിന്നുള്ളവരുടെ അപേക്ഷ ഹെഡ്ഓഫീസുകളിൽ നേരത്തെ നൽകുവാൻ കഴിയുന്നതുകൊണ്ട് ഒരു വിഭാഗം ജീവനക്കാരെ ഇത് ദോഷകരമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിർദ്ദേശം പിൻവലിച്ച് സബ് ഓഫീസുകളിൽ സമർപ്പിച്ച തീയതി കണക്കിലെടുത്ത് വായ്പ അനുവദിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ സാമ്പത്തിക വർഷവും ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് മുൻ സാമ്പത്തികവർഷം മാർച്ച് 31 വരെ വകുപ്പ് തലവൻമാർക്ക് ലഭിച്ച അപേക്ഷകളാണ് പരിഗണിക്കുന്നത്. ബഡ്ജറ്റിൽ ലഭ്യമായ തുക അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് അപേക്ഷ വകുപ്പ് തലവൻമാരുടെ ഓഫീസിൽ ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകിയാണ് അനുവദിക്കുന്നത്. അതോടൊപ്പംതന്നെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ, വികലാംഗർ, 45 വയസ് കഴിഞ്ഞവർ എന്നീ വിഭാഗത്തിൽപ്പെട്ട എല്ലാ അപേക്ഷകർക്കും വായ്പ മുൻഗണന നൽകി അനുവദിക്കുന്നുണ്ട്.

(ബി) ഈ വർഷം അപേക്ഷകരുടെ ബാഹുല്യവും ബഡ്ജറ്റിൽ ലഭ്യമായ തുകയുടെ കുറവും കാരണമാണ് എല്ലാ വകുപ്പിലെ ജീവനക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

വായ്പ ലഭിക്കത്തക്കവിധം അപേക്ഷ ഹെഡ്ഡാഫീസിൽ ലഭിക്കുന്ന തീയതി സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചത്.

(സി) അപേക്ഷയുടെ ബാഹുല്യം കാരണം സീനിയോറിറ്റിക്ക് . ഒരു മാനദണ്ഡം സ്വീകരിക്കുന്നതിനാണ് ഈ തീരുമാനം.

(ഡി) ഇല്ല. മാത്രമല്ല പൂർണ്ണമായ അപേക്ഷകൾ ഓഫീസ് മേധാവിക്ക് സമർപ്പിച്ചാൽ ഉടൻതന്നെ വകുപ്പ് തലവൻമാരുടെ ഓഫീസിൽ എത്തിക്കാൻ സാധിക്കും.

(ഇ) ഇല്ല. വിദൂര ജില്ലകളിൽപ്പെട്ടവർക്ക് മുൻകൂട്ടി അപേക്ഷകൾ തയ്യാറാക്കി നൽകുവാൻ മതിയായ അവസരമുണ്ട്.

(എഫ്)ഇപ്പോൾ പരിഗണനയിലില്ല. അപേക്ഷകരുടെ എണ്ണവും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്താണ് ഓരോ വർഷവും മാനദണ്ഡം നിശ്ചയിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

15 ([T]1838) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്ര മായി ഒരു ഫണ്ട് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലയിലാണ് ഈ ഫണ്ട് വിനിയോഗി ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസേചനം, റോഡ്. വൈദ്യുതി, കുടിവെള്ള വിതരണം, ഉൾനാടൻ ജലഗതാഗതം, തുറമുഖം, ചവറ് സംസ്ക്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഫണ്ട് വിനി യോഗിക്കാൻ ഉദ്ദേശിക്കുന്നത്.

പൊതുഭരണ വകുപ്പിനുള്ള ഭവന നിർമ്മാണ വായ്പ

16 (1839) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ സെക്രട്ടേറിയറ്റ് (പൊതുഭ രണ) വകുപ്പിന് ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നതിനായിട്ടുള്ള ബഡ്ജറ്റ് വിഹിതം എത്ര;

(ബി) ഭവന നിർമ്മാണ വായ്പ തുകയുടെ വർദ്ധനവിനനുസരിച്ച് ബഡ്ജറ്റിൽ വേണ്ടത്ര തുക വകയിരുത്താതിരിക്കുന്നതുകൊണ്ട് പൊതുഭരണ വകുപ്പിലെ വളരെ കുറച്ച് അപേക്ഷകർക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

[T] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

1137/2010.

LIBRARY ARCHIVES Kerala Legislative Assembly